**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 89** **22-07-2021 - ൽ മറുപടിയ്ക്ക്**

**പ്രളയസെസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രളയസെസ്സ് ഏർപ്പെടുത്താനുള്ള സാഹചര്യം വിശദമാക്കാമോ; | (എ) | 2018 ഓഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർനിർമ്മാണത്തിനു വേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാർ പ്രളയ സെസ് ഏർപ്പെടുത്തിയത്. ജി.എസ്.ടി. കൗൺസിലിന്റെ അനുമതിയോടെ കേരള ഫിനാൻസ് ആക്ട് 2019-ലെ വകുപ്പ് 14 പ്രകാരം ആണ് പ്രളയ സെസ് ചുമത്തിയിരിക്കുന്നത്. 30-06-2017-ലെ എസ്.ആർ.ഒ. 360/2017-ൽ ഷെഡ്യൂൾ II, III, IV എന്നിവയിൽ വരുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് 1% പ്രളയ സെസ് ബാധകമാണ്. എസ്.ആർ.ഒ. 360/2017-ലെ അഞ്ചാം ഷെഡ്യൂളിൽ വരുന്ന ചരക്കുകളുടെ (സ്വർണം, വെള്ളി മുതലായവ) കൈമാറ്റങ്ങൾക്കു 0.25% പ്രളയ സെസ് ബാധകമാണ്. പ്രളയ സെസ് ചരക്കുകളുടെയും സേവനങ്ങളുടെയും അന്തിമ ഉപഭോക്താവിലേക്കുള്ള (B to C) കൈമാറ്റങ്ങൾക്ക് മാത്രമാണ് ചുമത്തിയിട്ടുള്ളത്. |
| (ബി) | പ്രളയസെസ്സിലൂടെ നാളിതുവരെ എത്ര തുക ലഭിച്ചു; എന്നുവരെയാണ് പ്രളയ സെസ് ഈടാക്കുന്നത്; | (ബി) | 30-06-2021-ലെ കണക്കനുസരിച്ച് 1929.78 കോടി രൂപ പ്രളയ സെസിലൂടെ സമാഹരിച്ചിട്ടുണ്ട്. പ്രളയ സെസ് ഓഗസ്റ്റ് 2019 മുതൽ രണ്ടു വർഷത്തേക്കാണ് ചുമത്തിയിട്ടുള്ളത്. ഇതനുസരിച്ച് 2021 ജൂലൈ 31-ന് പ്രളയ സെസ്സിന്റെ കാലാവധി അവസാനിക്കും. |
| (സി) | പ്രളയസെസ്സിലൂടെ ലഭിച്ച തുക എന്തൊക്കെ കാര്യങ്ങൾക്കാണ് ചെലവാക്കിയതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ? | (സി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ